പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3292

24.6.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

## വികലാംഗർക്കുവേണ്ടിയുള്ള നിയമനം

ചോദ്യം

ശ്രീ.എൻ.ഷംസുദ്ദീൻ

മറുപടി

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ) 2012 മുതൽ വികലാംഗർക്കുമാത്രമായി പി.എസ്.സി എത്ര വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്; ആയതിൽ ഏതെല്ലാം പരീക്ഷകൾ നടത്തി; | (എ) അംഗപരിമിതർക്കായുള്ള വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് 84, പരീക്ഷ നടന്നത്- 6. രണ്ട് തസ്തികകളിൽ പരീക്ഷ നടത്തേണ്ടതുണ്ടോ എന്ന് തീരുമാനിച്ചിട്ടില്ല. |
| (ബി) ഇനി പരീക്ഷ നടത്താൻ അവശേഷിക്കുന്നവ ഏതെല്ലാം; അവയുടെ പരീക്ഷാ തീയതി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ തീയതി വ്യക്തമാക്കുമോ; | (ബി) പരീക്ഷ നടത്തുവാനുള്ളത്-2. ഇവയുടെ പരീക്ഷാ തീയതി പ്രഖ്യാപിച്ചിട്ടില്ല. |
| (സി) ഈ സർക്കാർ എത്ര വികലാംഗരെയാണ് വിവിധ വകുപ്പുകളിലായി സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്; ആയതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ; | (സി) 16.8.99 മുതൽ 31.12.2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി 18.5.2013 ൽ സ.ഉ(പി) 40/13/സാ.നീ.വ ഉത്തരവിൽ ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് ആദ്യപടിയായി 1399 പേരുടെ ലിസ്റ്റ് 7.8.2013 ലെ ജി.ഒ(പി) 63/13/സാ.നീ.വ പ്രകാരം തയ്യാറാക്കിയിട്ടുള്ളത് അനുബന്ധമായി ചേർക്കുന്നു. കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും നടത്തി കൃത്യമായ അന്തിമ ലിസ്റ്റ് തയ്യാറായി വരുന്നു. |
| (ഡി) ഇപ്രകാരം സ്ഥിരപ്പെടുത്തുമ്പോൾ വികലാംഗരുടെ വിജ്ഞാപന പ്രകാരമുള്ള ഒഴിവുകളിൽ കുറവ് സംഭവിക്കുമോ; ഇല്ലെങ്കിൽ ഇപ്പോഴത്തെ വിജ്ഞാപനമനുസരിച്ചുള്ള ഒഴിവുകൾ എത്ര എന്ന് വെളിപ്പെടുത്തുമോ? | (ഡി) സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് കൊണ്ട് വികലാംഗരുടെ വിജ്ഞാപന പ്രകാരമുള്ള ഒഴിവുകളിൽ കുറവ് സംഭവിക്കുകയില്ല. 2004-07 വർഷത്തിലെ ബാക്ക് ലോഗ് ഒഴിവുകളിലേയ്ക്ക് വിവിധ തസ്തികകളിലായി 1121 ഒഴിവുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ